# പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1729

10/02/2020-ൽ
മറുപടിയ്ക്ക്

## കോളേജ് യൂണിയൻ ചെയർമാൻമാർക്കുള്ള വിദേശപരിശീലന പദ്ധതി

**ചോദ്യം** **മറുപടി**

ശ്രീ.കെ.എം.ഷാജി :

ഡോ.കെ.ടി.ജലീൽ
(ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർക്കാർ കോളേജുകൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ യൂണിയൻ ചെയർമാൻമാരെ ഇംഗ്ലണ്ടിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ പരിശീലനത്തിനായി അയയ്ക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ഉണ്ട്; സംസ്ഥാനത്തെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെയും ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള യൂണിവേഴ്സിറ്റികളിലെയും തെരഞ്ഞെടുപ്പിലൂടെ അവരോധിക്കപ്പെട്ട ചെയർമാൻ/ചെയർപേഴ്സൺമാർക്ക് വിദേശ സർവ്വകലാശാലകളിൽ ഇൻഡക്ഷൻ ട്രെയിനിംഗ് നല്കുന്ന പദ്ധതിയാണിത്. ഒരു നല്ല എക്സ്പോഷറും, പഠനവും, പ്രമുഖരുമായുള്ള ആശയ സംവാദവും, ജനാധിപത്യ സ്ഥാപനങ്ങൾ സന്ദർശിക്കുകയുമാണ് ഈ പരിപാടിയിലൂടെ ലക്ഷ്യം വെയ്ക്കുന്നത്. ബ്രിട്ടീഷ് കൗൺസിലുമായി സർക്കാർ ഏർപ്പെട്ടിരിക്കുന്ന MOU – ൽ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും സന്ദർശനത്തിനായും പഠനത്തിനായും വിഭാവനം ചെയ്തിട്ടുണ്ട്. താരതമ്യേന ചിലവു കുറഞ്ഞതും നല്ല ഒരു ഷെഡ്യൂൾ പ്രകാരം ഒരാഴ്ച നീണ്ടുനിൽക്കുന്ന പഠനവും തയ്യാറാക്കിയിട്ടുള്ള, ലോകത്തിലെ മുൻപന്തിയിൽ നിൽക്കുന്ന സർവ്വകലാശാലകളിൽ ഒന്നായ CARDIFF University - ൽ ആണ് 2019 - 20 വർഷത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര യൂണിയൻ ചെയർമാൻമാർക്ക് യാത്രയ്ക്ക് അനുമതി നൽകിയിട്ടുണ്ട്; ഇവരുടെ വിശദാംശം വെളിപ്പെടുത്താമോ; | (ബി) | സംസ്ഥാനത്തെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെയും ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള യൂണിവേഴ്സിറ്റികളിലെയും, യൂണിവേഴ്സിറ്റി നിയമ പ്രകാരം ചെയർമാൻ/ചെയർപേഴ്സൺ ആയി |

| | | | |
|---|---|---|---|
| | | | തെരഞ്ഞെടുക്കപ്പെട്ടതും ഇപ്പോൾ ഭാരവാഹിത്വം വഹിക്കുന്നവരുമായ ആകെ 59 വിദ്യാർത്ഥികളുടെ ലിസ്റ്റ് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് അംഗീകരിച്ച് അന്തിമ തീരുമാനം ആയിട്ടില്ല. |
| (സി) | യൂണിയൻ ചെയർമാൻമാർ അല്ലാത്തവരെ യാത്രയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഇവരുടെ വിശദാംശം നൽകാമോ; | (സി) | ഇല്ല. |
| (ഡി) | യൂണിയൻ ചെയർമാൻമാരെ കൂടാതെ അധ്യാപകരും പ്രസ്തുത യാത്രാസംഘത്തിലുണ്ടോ; എങ്കിൽ ഇവരുടെ വിശദാംശം നൽകാമോ; | (ഡി) | ടി വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ഇ) | പ്രസ്തുത യാത്രയ്ക്ക് ചെലവഴിക്കുന്ന തുക എത്രയാണ്; ഏത് ഫണ്ടിൽ നിന്നാണ് പ്രസ്തുത തുക ചെലവഴിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (ഇ) | പ്രസ്തുത പരിശീലന പരിപാടിക്കായി പ്ലാൻ ഫണ്ടിൽ 125 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പരമാവധി 75 വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീ, കോഴ്സ് മെറ്റീരിയലുകൾ, സർട്ടിഫിക്കറ്റ്, കോഴ്സ് ഇവാല്യുവേഷൻ സർട്ടിഫിക്കറ്റ് തുടങ്ങിയവയ്ക്ക് 61,700/- യൂറോ ആണ് ആകെ ചിലവ്. യാത്ര ടിക്കറ്റ്, വിസ തുടങ്ങിയവയുടെ നിരക്കുകൾ ഇതിൽ ഉൾപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**